## ഉത്തരത്തിൽ തിരുത്ത്

29-01-2019-ലെ നക്ഷത്രചിഹ്നമിടാത്ത 691-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 2019 ജനുവരി 29-ലെ നക്ഷത്രചിഹ്നമിടാത്ത 691-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

അനുബന്ധം -29-01-2019- ചോദ്യം നം.691

### പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.691

### ശബരിമല യുവതി പ്രവേശം

ഉത്തരം

(എ) അത്തരം നിർദ്ദേശം ലഭിച്ചിട്ടില്ല.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ റിപ്പോർട്ട് പ്രകാരം 2 യുവതികൾ ശബരിമല ദർശനം നടത്തിയിട്ടുണ്ട്. ശബരിമല ദർശനത്തിനായി ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന സംവിധാനം നിലവിലുണ്ട്. ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റം (ഡി.സി.എം.എസ്.) പ്രകാരം 2018-19 ഉത്സവകാലത്തും ശബരിമല ദർശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്തിയിരുന്നു. രേഖകൾ പരിശോധിച്ചതിൽനിന്നും 40-നും 49-നും ഇടയിൽ പ്രായമുള്ള 67 സ്ത്രീകൾ ശബരിമല ദർശനത്തിനായി ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ കുറേ പേർ കുടുംബത്തോടൊപ്പം ശബരിമലയിൽ ദർശനം നടത്തിയിട്ടുള്ളതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

(സി&ഡി) ശ്രീലങ്കൻ യുവതി ദർശനം നടത്തിയിട്ടുള്ളതായി സ്ഥിരീകരണം ലഭിച്ചിട്ടില്ല.